**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് – 2019-20 വർഷത്തെ സ്കൂൾ കായിക മത്സരങ്ങളുടെ സോണൽ മത്സരങ്ങൾക്ക് സംസ്ഥാന ഗ്രൂപ്പ് ചാമ്പ്യൻഷിപ്പുകൾക്കുള്ള തുല്യ സ്റ്റാറ്റസ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

**സ.ഉ.(സാധാ) നം.327/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 18/01/2020

---

പരാമർശം:- 1 സ.ഉ(സാധാ)നം.4273/2018/പൊ.വി.വ തീയതി 20.10.2018

2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.12.2019 ലെ സ്പോർട് സ്1/44136/2019/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കാലവർഷക്കെടുതി മൂലം 2018-19 വർഷത്തെ സംസ്ഥാനതല സ്കൂൾ കായിക മത്സരങ്ങൾ ഒഴിവാക്കി, സോണൽതല മത്സരങ്ങൾ പുതുക്കിയ മാന്വൽ അനുസരിച്ച് പരമാവധി ചെലവ് കുറച്ച് നടത്തുന്നതിനുള്ള അനുമതി നല്കിയും സോണൽതല മത്സരങ്ങൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിന് 2018-19 വർഷം മാത്രം സംസ്ഥാനതല മത്സരങ്ങൾക്കുള്ള തുല്യ പദവി നൽകിയും പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാന സോണൽ മത്സരങ്ങളിൽ നടത്തിയ അതേ ഇനങ്ങളാണ് സംസ്ഥാന ഗ്രൂപ്പ് ചാമ്പ്യൻഷിപ്പുകളായി നടത്തുന്നത് എന്നതിനാൽ 2019-20 വർഷവും സോണൽ മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്ക് സർട്ടിഫിക്കറ്റും കൂടാതെ ഈ വർഷം ക്യാഷ് അവാർഡും മെഡലും കൂടി നല്കുന്ന വിധത്തിലും കുട്ടികൾക്ക് യാതൊരുവിധ കഷ്ട നഷ്ടങ്ങളും ഉണ്ടാകാത്ത വിധത്തിലും പ്രസ്തുത സർട്ടിഫിക്കറ്റിന് സംസ്ഥാനതല ചാമ്പ്യൻഷിപ്പിന് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹമാണെന്ന് വ്യവസ്ഥ ചെയ്തും ഉത്തരവുണ്ടാകണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 വർഷത്തെ സംസ്ഥാന ഗ്രൂപ്പ് ചാമ്പ്യൻഷിപ്പുകൾ ഒഴിവാക്കി, സോണൽ മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്ക് സർട്ടിഫിക്കറ്റ് നല്കുന്നതിന് പുറമേ ഈ വർഷം ക്യാഷ് അവാർഡും മെഡലും കൂടി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത സർട്ടിഫിക്കറ്റിന് സംസ്ഥാനതല ചാമ്പ്യൻഷിപ്പിന് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജ്യോതിലക്ഷ്മി എൽ**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, സംസ്ഥാന സ്പോർട് സ് കൗൺസിൽ

വിവര പൊതുജന സമ്പർക്ക വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by UMADEVI K B
Date: 2020.01.18 15:38:55 IST
Reason: Approved

സെക്ഷൻ ഓഫീസർ